# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot. No. CLPr. 1/2025

18.11.2025

## സർക്കുലർ

## ആരാധനക്രമ വർഷം: വിശദീകരണക്കുറിപ്പ്

**2025 സെപ്റ്റംബർ 20 – 2026 സെപ്റ്റംബർ 19**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ,

പുനരൈക്യ ശതാബ്ദി ആഘോഷത്തിന്റെ മുന്നൊരുക്കമായി 2025 സെപ്റ്റംബർ 20 മുതൽ 2026 സെപ്റ്റംബർ 19 വരെ ആരാധനക്രമ വർഷമായി നാം ആചരിക്കുകയാണല്ലോ. ഇതുമായി ബന്ധപ്പെട്ട് 10.09.2025ൽ അയച്ചിരുന്ന സർക്കുലറിലെ ഇടവകതല – വൈദിക ജില്ലാ തല കർമ്മപരിപാടികളിലെ വിശദാംശങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആരാധനക്രമവർഷാചരണം സുഗമമാക്കുന്നതിനായി പഠനരേഖയും കർമ്മപദ്ധതിയും ഉൾക്കൊള്ളുന്ന ലഘുപുസ്തകവും ആരാധനക്രമ വിഷയങ്ങൾ ഉൾക്കൊള്ളുന്ന പഠനസഹായിയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ ഭദ്രാസനത്തിലും ആരാധനക്രമ വർഷവുമായി ബന്ധപ്പെട്ട വൈദിക കൂട്ടായ്മയിൽ ഈ പുസ്തകങ്ങൾ ബഹു. വൈദികർക്ക് നൽകുന്നതാണ്. സഭാതലത്തിൽ 60 വൈദികജില്ലകളിൽ നിന്നായി വൈദികർക്കും സിസ്റ്റേഴ്സിനും അല്മായർക്കുമായുള്ള പരിശീലനം ഇതിനോടകം പൂർത്തിയാക്കി.

എല്ലാ വൈദികസഹോദരങ്ങളും ഈ കർമ്മപരിപാടികൾ ഏറ്റെടുത്ത് ഫലവത്താക്കിത്തീർക്കാനും നമ്മുടെ ആരാധനപാരമ്പര്യം അന്യൂനമായി പരിപോഷിപ്പിക്കുവാനും നേതൃത്വം നൽകേണ്ടതാണ്.

### ഇടവകതല പ്രവർത്തനങ്ങൾ

1. എല്ലാ ഇടവകകളിലും ആരാധനക്രമവർഷത്തിലെ ഒരു ഞായറാഴ്ച (രാവിലെ മുതൽ ഉച്ചവരെയുള്ള സമയം അല്ലെങ്കിൽ ഉച്ച മുതൽ സന്ധ്യവരെയുള്ള സമയം) വിശുദ്ധ കുമ്പസാരത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസും തുടർന്ന് പരിശുദ്ധ കുർബാന എഴുന്നള്ളിച്ചുവെച്ച് കുമ്പസാരത്തിനുള്ള പൊതു ഒരുക്കമായ അനുതാപ ശുശ്രൂഷയും കുമ്പസാരവും പരിശുദ്ധ കുർബാനയും ക്രമീകരി

ക്കേണ്ടതാണ്. കുമ്പസാരത്തിന് സമീപ ഇടവകകളിലെ വൈദിക രുടെ സഹകരണം ഉറപ്പാക്കുവാൻ വൈദിക ജില്ലാ തലത്തിൽ (മേഖലാതലത്തിൽ) ഓരോ ഇടവകയിലും നടത്തുന്ന തീയതി മുൻകൂട്ടി നിശ്ചയിക്കണം. ഇതിനു മുമ്പായി ഇടവകയിൽ ഭവന സന്ദർശനം പൂർത്തിയാക്കേണ്ടതാണ്.

**ഭവനസന്ദർശനം:**

ഇപ്രകാരം വി. കുമ്പസാരം ക്രമീകരിക്കുന്ന ഞായറാഴ്ചക്കു മുമ്പായി ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് ആരാധനക്രമ വർഷത്തെക്കുറിച്ചുള്ള ബോധവത്ക്കരണം നൽകേണ്ടതാണ്. അതിനായി ഒരു സിസ്റ്ററും, രണ്ട് സുവിശേഷസംഘാംഗങ്ങളും ഉൾപ്പെടുന്ന ഒരു ടീം ഓരോ ഭവനത്തിലും സന്ദർശനം നടത്തി ബോധ വത്ക്കരണം നൽകേണ്ടതാണ്. ഇടവകയുടെ വലുപ്പം അനുസരിച്ച് നാലോ അഞ്ചോ ടീമുകൾ ക്രമീകരിക്കാവുന്നതാണ്. അതാത് വൈദിക ജില്ലയിലുള്ള സിസ്റ്റേഴ്സിനേയും സുവിശേഷസംഘാംഗങ്ങളെയും ഈ ദൗത്യത്തിന് നിയോഗിക്കാവുന്നതാണ്. വൈദികജില്ലാവികാരി (മേഖലാവികാരി) ഈ കാര്യങ്ങൾ വൈദികരുടെ ജില്ലാ സമ്മേളന ത്തിൽ പൊതുവിൽ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. ഭവന ങ്ങൾ സന്ദർശിക്കുമ്പോൾ കുടുംബപ്രാർത്ഥന, ബൈബിൾ പാരായ ണം, കൂദാശകളിലെ സജീവപങ്കാളിത്തം, നോമ്പ് ഉപവാസം ഇവയിലെ നിഷ്ഠകൾ തുടങ്ങിയവ ബോദ്ധ്യപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബഹു. സിസ്റ്റേഴ്സിനെയും സുവിശേഷ സംഘാംഗങ്ങളെയും ഇതിനോടകം മുകളിൽ പറഞ്ഞിരിക്കുന്ന ക്രമീകരണങ്ങൾ അറിയി ച്ചിട്ടുണ്ട്. ഓരോ വൈദികജില്ലയിലും, പെരിയ ബഹു. ജില്ലാവികാരിയും വൈദിക ജില്ലയിലെ ആരാധനക്രമവർഷ ഡയറക്ടറും ചേർന്ന് ഓരോ വൈദികജില്ലയിലെയും ബഹു. സിസ്റ്റേഴ്സിന്റെയും സുവിശേഷ സംഘാംഗങ്ങളുടെയും ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയും, ഓരോ ഇടവകയിലെയും ഭവനസന്ദർശനം ക്രമീകരി ക്കുകയും ചെയ്യേണ്ടതാണ്. ഒരു ജില്ലയിൽ ആവശ്യത്തിന് സിസ്റ്റേഴ്സും സുവിശേഷസംഘാംഗങ്ങളും ലഭ്യമല്ലെങ്കിൽ മറ്റു വൈദികജില്ലകളിൽ നിന്നും അവരെ ക്ഷണിക്കാവുന്നതാണ്.

2. എല്ലാ ഇടവകകളിലും ഊറാറ കൊണ്ടലങ്കരിച്ച പരിശുദ്ധ സ്ലീബാ ഏഴ് തിരികളുടെ നടുവിൽ പ്രതിഷ്ഠിക്കുകയും, ഞായറാഴ്ചക ളിൽ ആ തിരികൾ കത്തിക്കുകയും ചെയ്യേണ്ടതാണ്.

3. എല്ലാ ഇടവകകളിലും ആരാധനക്രമവർഷത്തിൽ ഒരു ഞായറാഴ്ച പരിശുദ്ധ കുർബാനയ്ക്കു മുമ്പായിട്ട് ഒരു മണിക്കൂർ പരിശുദ്ധ കുർബാനയെക്കുറിച്ചുള്ള ക്ലാസ്സും തുടർന്ന് പരിശുദ്ധ കുർബാനയും നടത്തേണ്ടതാണ്.

4 എല്ലാ ഇടവകകളിലും വർഷത്തിൽ ഒരു ഞായറാഴ്ച ഒരു മാമ്മോദീസാ പൊതുവിൽ ആഘോഷമായി നടത്തേണ്ടതാണ്. പരിശുദ്ധ കുർബായിലെ പ്രസംഗം മാമ്മോദീസായെകുറിച്ചായിരിക്കുകയും എല്ലാ വിശ്വാസികളും മാമ്മോദീസായിൽ സംബന്ധിക്കുകയും വേണം.

5. ആരാധനക്രമവർഷത്തിൽ ഓരോ ഇടവകയിലും രോഗീലേപനം ഒരു തവണ പൊതുവിൽ ആഘോഷമായി നടത്തേണ്ടതാണ്. പരിശുദ്ധ കുർബാനയിലെ പ്രസംഗം രോഗീലേപനത്തെക്കുറിച്ചായിരിക്കണം. ഇടവകയിലെ എല്ലാ രോഗികളെയും ഇതിനായി ക്ഷണിക്കുകയും പൊതുവിൽ ഈ കൂദാശ പരികർമ്മം ചെയ്യുകയും വേണം.

6. എം.സി.സി.എൽ., എം.സി.വൈ.എം., എം.സി.എം.എഫ്, എം.സി.എ. എന്നീ സംഘടനയിലെ അംഗങ്ങൾക്ക് പ്രത്യേകമായും ഇടവകസമൂഹത്തിന് പൊതുവായും ആരാധനാക്രമപരമായ വിഷയങ്ങളിൽ ഇടവകതലത്തിൽ പരിശീലനം ക്രമീകരിക്കേണ്ടതാണ്.

7. എല്ലാ ഇടവകകളിലും വിശ്വാസികളോടു ചേർന്ന് ശനിയാഴ്ച വൈകിട്ട് സന്ധ്യാപ്രാർത്ഥന ആഘോഷമായി നടത്തുവാൻ ഇടവക വികാരിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

8. നോമ്പുകാലങ്ങൾ, ഇടവക പെരുന്നാൾ ആഘോഷം ഈ അവസരങ്ങളിൽ സുവിശേഷ പ്രഘോഷണം (Bible Convention) ആരാധന വത്സര കേന്ദ്രീകൃതമായും കൂദാശകളെപ്പറ്റിയും ആയിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

9. അമ്പത് എപ്പിസോഡുകളിലായി ആരാധനക്രമ പഠനപരമ്പര മലങ്കര കാത്തലിക് ടി.വി.യിലൂടെ നടത്തപ്പെടുന്നതാണ്. ഡിസംബർ ആദ്യ ആഴ്ച ആരംഭിക്കുന്ന ഈ ഓൺലൈൻ പഠന പരിപാടിയിൽ ഓരോ ഇടവകയിൽ നിന്നും പരമാവധി വിശ്വാസികളെ പങ്കെടുപ്പിക്കാൻ ഇടവകയിൽ വേണ്ട നിർദ്ദേശം നൽകേണ്ടതാണ്. പരീക്ഷകൾ (മൂന്നു പരീക്ഷകൾ) ഇടവകകളിൽ വച്ച് നടത്തി സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. ഓരോ ഇടവകയിൽ നിന്നും ഈ പഠന പരിപാടിയിൽ സംബന്ധിക്കുന്നവരുടെ പേരും ഫോൺ നമ്പരും വൈദികജില്ലാ ആരാധനക്രമ ഡയറക്ടറെ അറിയിക്കേണ്ടതാണ്.

10. 2025 ഡിസംബർ മുതൽ സുറിയാനി ഭാഷാപഠനം മലങ്കര കാത്തലിക് ടിവിയിലൂടെ ഓൺലൈനായി നടത്തപ്പെടുന്നതാണ്. ഇതിൽ പങ്കെടുക്കുവാൻ വിശ്വാസികൾക്ക് പ്രോത്സാഹനം നൽകേണ്ടതാണ്.

**വൈദികജില്ലാതല പ്രവർത്തനങ്ങൾ**

വൈദികജില്ലാതലങ്ങളിൽ ആരാധനക്രമവർഷവുമായി ബന്ധപ്പെട്ട് പൊതുവായി നടത്തപ്പെടുന്ന കർമ്മപരിപാടികളിൽ ഇടവകയിൽ നിന്നുള്ള പ്രതിനിധികളെ അയയ്ക്കുന്നതിന് പ്രത്യേകം ശ്രദ്ധകൊടുക്കേണ്ടതാണ്. വൈദികജില്ലാതല കർമ്മപരിപാടികൾ താഴെ ചേർക്കുന്നു.

1. എല്ലാ വൈദിക ജില്ലകളിലും, എം.സി.സി.എൽ., എം.സി.വൈ.എം., എം.സി.എം.എഫ്, എം.സി.എ. മുതലായ സംഘടനകളുടെ ഭാരവാഹികൾക്ക് സംഘടനാതലത്തിൽ ആരാധനാപരമായ വിവിധ വിഷയങ്ങളിൽ പരിശീലനം നൽകേണ്ടതാണ്.

   ഇടവകയിലെ ഭാരവാഹികൾക്കൊപ്പം കഴിവുള്ളവർക്കെല്ലാം പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

2. എല്ലാ വൈദിക ജില്ലകളിലും മദ്ബഹാ ശുശ്രൂഷകർക്ക് പരിശീലനം നൽകേണ്ടതാണ്.

3. എല്ലാ വൈദിക ജില്ലകളിലും കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ആദ്യ കുർബാന സ്വീകരിച്ച കുട്ടികൾക്ക് കുമ്പസാരം, പരിശുദ്ധ കുർബാന എന്നിവയെക്കുറിച്ച് പരിശീലനം നൽകേണ്ടതാണ്.

   ആരാധനക്രമ വർഷാചരണത്തിലൂടെ ദൈവാരാധന കുടുതൽ സജീവമാക്കുവാനും ദൈവാനുഭവത്തിൽ വളരുവാനും സഭാമക്കൾക്കേവർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇക്കാര്യത്തിൽ ബഹു. വൈദികരും, സമർപ്പിതരും, സഭാമക്കളും ഒരേ മനസ്സോടെ പ്രവർത്തിക്കേണ്ടതാണ്.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

---

N.B: ഈ സർക്കുലർ ബഹു. വൈദികർക്കുള്ള പൊതുവായ അറിയിപ്പാണ്. ഇതിലെ പ്രസക്തകാര്യങ്ങൾ ദൈവജനത്തെ അറിയിക്കേണ്ടതാണ്.